# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ *530

24/07/2015-ൽ മറുപടിക്ക്

## ജനറിക് മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് നൽകാനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എൻ.എ.ഖാദർ<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ<br>ശ്രീ.എൻ .എ.നെല്ലിക്കുന്ന്<br>ശ്രീ. റ്റി.എ.അഹമ്മദ് കബീർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| എ) കേന്ദ്ര സർക്കാർ സ്ഥാപനമായ ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ഓഫ് ഇന്ത്യ (ബി.പി.പി.ഐ) യുമായി ചേർന്ന് ജനറിക് മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് നൽകാനുള്ള പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ | എ) ജെൻ ഔഷധിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സ്ഥാപനമായ ബ്യൂറോ ഓഫ് ഫാർമ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് ഓഫ് ഇന്ത്യ (ബി.പി.പി.ഐ) യുമായി ചേർന്ന് ജനറിക് മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് നൽകാനുള്ള പദ്ധതി നടപ്പിലാക്കുവാനുള്ള താല്പര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| ബി) എങ്കിൽ ഏതൊക്കെ സംസ്ഥാന ഏജൻസികളെയാണ് ഇതുമായി സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയാണ് പ്രസ്തുത പദ്ധതിയുമായി സഹകരിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. |
| സി) പ്രസ്തുത ഏജൻസികളുടെ മുൻകാല പ്രവർത്തനമികവ് പരിഗണിച്ചിട്ടുണ്ടോ ; പദ്ധതി നടപ്പാക്കാൻ വേണ്ട അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ തീരുമാനമെടുത്തിട്ടുണ്ടോ ;വ്യക്തമാക്കുമോ ? | സി) ഉണ്ട്. മിനിസ്ട്രി ഓഫ് കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് ന്റെ 4/26/2013 നമ്പർ സർക്കുലർ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ആശുപത്രികളിൽ തന്നെ സ്ഥലം കണ്ടെത്തണമെന്നുള്ളതാണ്. ഇതിനായി കീഴ്ഘടക സ്ഥാപനങ്ങളിൽ അടിസ്ഥാന |

സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അവ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**